പുതിയ ബ്ലോക്കുകൾ തുടങ്ങുന്നതു്.

(സി) ചിറ്റൂർ, തിരുവനന്തപുരം, അമ്പലപ്പുഴ, തിരുവല്ലാ എന്നീ താലൂക്കുകളിൽ രണ്ടു ബ്ലോക്കുകൾവീതം ഉണ്ടു്. പതിനൊന്നു താലൂക്കുകൾ ഒഴികെ ബാക്കിയുള്ള താലൂക്കുകളിൽ ഇപ്പോൾ ബ്ലോക്കുകളില്ല. പതിനെട്ടു താലൂക്കുകളിൽ ബ്ലോക്കുകളോ പ്രോജക്ടുകളോ ഇല്ല.

(ഡി) അങ്ങിങ്ങായി ബ്ലോക്കുകൾ തുടങ്ങുന്ന എല്ലാട്ടും നിറുത്തി നിലവിലിരിക്കുന്ന ബ്ലോക്കുകളുടെ സമീപപ്രദേശങ്ങളിലേക്കു് വ്യാപിപ്പിച്ചു് അങ്ങിനെ രണ്ടാംപഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ സംസ്ഥാനം മുഴുവനും ബ്ലോക്കുകളെക്കൊണ്ടു് നിറയ്ക്കണമെന്നാണു് പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശം. ഇപ്പോൾ അനുവദിച്ച അഞ്ചു് ബ്ലോക്കുകളും ഈ തത്വം അനുസരിച്ചാണു് സ്ഥാപിച്ചിട്ടുള്ളതു്.

(ഇ) ശ്രദ്ധിക്കുന്നതാണു്.

കൃഷ്ണമെൻറ് ഏരിയായിലെ കുടികിടപ്പുകാർ.

* 269. [25] ശ്രീ. എം. എം. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നെയ്യാർ അണയുടെ കൃഷ്ണമെൻറ് ഏരിയാ അളന്നു് തിട്ടപ്പെടുത്തിയിട്ടുണ്ടോ :

(ബി) കൃഷ്ണമെൻറ് ഏരിയായിൽപ്പെട്ട സ്ഥലങ്ങളിൽ എത്ര കുടികിടപ്പുകാരുണ്ടു്;

(സി) അണ പൂർത്തിയാകുമ്പോൾ സ്ഥലം നഷ്ടപ്പെടുന്ന താമസക്കാർക്കു് എന്തു സഹായമാണു് ഗവണ്മെൻറ് നൽകാൻ ഉദ്ദേശിക്കുന്നതു്;

(ഡി) കൃഷ്ണമെൻറ് ഏരിയായിലെ തടി കണ്ട്രാക്ടരായിരുന്ന ശേഷാചലത്തെ സംബന്ധിച്ചു് പരാതികൾ ഉണ്ടായിരുന്നപ്പോൾ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർക്കുടി അറിഞ്ഞു് കൂടിതാമസക്കാരായ അനവധി ആളുകളുടെ കാഫലമുള്ള പ്രായവൃക്ഷങ്ങൾ അവരുടെ എതിർപ്പിനെ വകവയ്ക്കാതെ വെട്ടി വിറകായി അടുക്കിയിട്ടുണ്ടോ ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഇല്ല. കൃഷ്ണമെൻറ് ഏരിയാ 54 ച. മൈൽ വരുമെന്നു് കണക്കാക്കിയിട്ടുണ്ടു്. അണയുടെ ജലാശയത്തിന്റെ വിസ്തീർണ്ണം അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ടു്.

(ബി) കൃഷ്ണമെൻറ് ഏരിയായിൽപ്പെട്ട സ്ഥലങ്ങളിൽ എത്ര കുടികിടപ്പുകാരുണ്ടെന്നു് തിട്ടപ്പെടുത്തിയിട്ടില്ല. ജലാശയപരിധിയിൽ 193 കുടികിടപ്പുകാരുണ്ടു്.

(സി) 162 വീട്ടുകാർക്കു് ഇതേ താലൂക്കിൽ തന്നെ വീടുവെയ്ക്കാൻ സ്ഥലമുള്ളവരാണു്. ബാക്കിയുള്ള 31 പേർക്കു് ദേവികുളം കോളനൈസേഷൻ പദ്ധതിയനുസരിച്ചു് ഭൂമി നൽകുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

(ഡി) ഇല്ല

LIBRARY ARCHIVES Kerala Legislative Assembly